വ്യവസായകടത്തിനുള്ള അപേക്ഷ.

304. [8] ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ഇ. എസ്. എം. മാച്ച് ഇൻഡസ്ട്രീസ് പ്രോപ്രൈറർ ശ്രീ ഹനീഫാ ഹാജി 1962-ൽ 10,000 രൂപ്പികയുടെ ഇൻഡസ്ട്രീയൽ ലോണിനു് അപേക്ഷ ബോധിപ്പിച്ചിരുന്നുവോ ;

(ബി) ഉണ്ടെങ്കിൽ നാളിതുവരെയായി മേൽ ലോൺ അനുവദിക്കാത്തതിനു കാരണമെന്തു് ;

(സി) എന്നേക്കു് അനുവദിക്കുവാൻ സാധിക്കും ?

ഉത്തരം

(എ) ബോധിപ്പിച്ചിരുന്നു.

(ബി) ലോൺഅനുവദിക്കുകയും 5-12-62-ൽ ട്രഷറിയിൽനിന്നും പണം വാങ്ങുകയും ചെയ്തിട്ടുണ്ടു്.

(സി) ചോദ്യം ഉദിക്കുന്നില്ല.

UNSTARRED QUESTIONS POSTED FOR ANSWER ON 28-2-64

ഔഷധത്തിൽ മായംചേർത്തു വിറ്റസംഭവങ്ങൾ

305. [1] ശ്രീ. എസ്. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഔഷധത്തിൽ മായം ചേർത്തു വിൽപന നടത്തിയതായി കഴിഞ്ഞവർഷത്തിൽ എത്ര സംഭവങ്ങൾ കണ്ടുപിടിച്ചു ;

(ബി) ഏതെങ്കിലും മരുന്നു വിൽപനക്കാരുടെ ലൈസൻസു് റദ്ദു് ചെയ്യുകയോ തടഞ്ഞുവയ്ക്കുകയോ ചെയ്തിട്ടുണ്ടോ ;

(സി) തടഞ്ഞുവെച്ച ലൈസൻസു് വീണ്ടും കൊടുക്കുകയുണ്ടായോ ;

(സി) ഉണ്ടെങ്കിൽ കാരണമെന്തു് ?

ഉത്തരം

(എ) 4. സംഭവങ്ങൾ കണ്ടുപിടിച്ചു.

(ബി) കോഴിക്കോട്ടെ അംബികാ മെഡിക്കൽസിന്റെ ലൈസൻസു് 16.12.63 മുതൽ 14 ദിവസത്തേക്കു സസ്പെൻഡുചെയ്യുകയുണ്ടായി.

(സി) ലൈസൻസുകൾ തിരിച്ചുകൊടുക്കുകയുണ്ടായി.

(ഡി) സസ്പെൻഷൻ കാലാവധി കഴിഞ്ഞതുകൊണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly